ഉത്തരം

(എ) കായൽകൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള 15 പദ്ധതികളുടെ ലിസ്റ്റ് മേശപ്പുറത്ത് വെച്ചിട്ടുണ്ട്.*

(ബി) വെള്ളായണിക്കായൽ റിക്ലമേഷൻ പദ്ധതി, പെരിങ്ങാലം കായൽ റിക്ലമേഷൻ പദ്ധതി, പഴയ എക്കൽപുരം റിക്ലമേഷൻ പദ്ധതി എന്നീ മൂന്നു പദ്ധതികളുടെയും എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുള്ളതുകൊണ്ട് ഈ സാമ്പത്തികവർഷത്തിൽ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വെള്ളായണിക്കായൽ റിക്ലമേഷൻ സ്കീമിന്റെ 11,06,000 രൂപയുടെ എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുണ്ട്. അതിന്റെ ടെക്നിക്കൽ സാംഗ്ഷൻ കൊടുക്കുന്നതിനുവേണ്ടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ടെക്നിക്കൽ സാംഗ്ഷൻ കൊടുത്താൽ പണി ഉടൻ തുടങ്ങും.

പിന്നോക്കസമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

25 [95] ശ്രീ. ജെ. കമാലിയാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായങ്ങൾക്ക് ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽ നൽകിവരുന്ന സംവരണത്തെയും മറ്റു ആനുകൂല്യങ്ങളേയുംപറ്റി അന്വേഷണം നടത്തുന്നതിന് ഒരു കമ്മിഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

പോലീസിന്റെ ബലപ്രയോഗം

26 [96] ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്ത നവംബർ 1 മുതൽ ഇന്നുവരെ എത്ര സ്ഥലത്ത് പോലീസ് ബലപ്രയോഗം നടത്തിയിട്ടുണ്ട്;

(ബി) ഇതിന്റെ ഫലമായി ആകെ മരണമടഞ്ഞവരുടെ എണ്ണം എത്ര;

(സി) ഇവർ ആരെല്ലാമാണ്; ഏതെല്ലാം സംഭവങ്ങളിലാണ് കൊല്ലപ്പെട്ടത്;

(ഡി) ഒട്ടാകെ പരിക്കുകൾ പറ്റിയവരുടെ എണ്ണം എത്ര?

ഉത്തരം

(എ) ഏഴ് (7) സ്ഥലങ്ങളിൽ. (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, വൈക്കം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ).

(ബി) നാല് (4) പേർ. (പാലക്കാട്).

---

* Appendix II.

LIBRARY ARCHIVES Kerala Legislative Assembly